LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന പേപ്പർ ലോട്ടറികളും ഓൺ ലൈൻ ലോട്ടറികളും

44 [219] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം അന്യസംസ്ഥാന പേപ്പർ ലോട്ടറികളും ഓൺ ലൈൻ ലോട്ടറികളുമാണ് വിൽപ്പന നടത്തുന്നത്;

(ബി) നിയമാനുസൃതമായിട്ടാണോ ഇവ വിൽക്കുന്നത്; സംസ്ഥാന സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) 2001-ൽ യു. ഡി. എഫ്. സർക്കാർ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര തുകയുടെ അന്യസംസ്ഥാന ലോട്ടറി വിൽപ്പന നടത്തിയിട്ടുണ്ട്;

(ഡി) ഇതിൽ എത്ര തുകയാണ് വിൽപ്പന നികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്നത്; എത്ര തുക ഓരോ വർഷവും ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം പരിഗണിച്ച് അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 27-1-2005-ലെ ജി.ഒ. (പി) 11/2005/റ്റി.ഡി. പ്രകാരം സംസ്ഥാനത്ത് എല്ലാ ലോട്ടറികളും നിരോധിച്ചുകൊണ്ടും സംസ്ഥാനം ലോട്ടറി വിമുക്ത മേഖലയായി പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 27-1-2005-ലെ ജി.ഒ.(പി)11/2005/റ്റി.ഡി. പ്രകാരം സംസ്ഥാനത്ത് എല്ലാ ലോട്ടറികളും നിരോധിച്ചുകൊണ്ടും സംസ്ഥാനം ലോട്ടറി വിമുക്ത മേഖലയായി പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനം

45 [220] ശ്രീ. ലൂഡി ലൂയീസ്:

„ ടി. എൻ. പ്രതാപൻ:

„ കെ. ബാബു:

„ പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീൺ ബാങ്കുകളുണ്ട്;

(ബി) ഇവ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) ഗ്രാമീൺ ബാങ്കുകളെ സ്പോൺസർ ചെയ്തിട്ടുള്ളത് ഏതെല്ലാം ബാങ്കുകളാണ്;